(8) എക്സൽ ഗ്ളാസ് ഫാക്ടറി ഇറന്പ്പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ഡോ. ടി. എം. തോമസ് ഐസക് : സർ, ആലപ്പുഴ ജില്ലയിലെ എക്സൽ ഗ്ളാസ് ഫാക്ടറി പൂട്ടികിടക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് വിശദമായിട്ടറിയാവുന്നതാണ്. അതിന്റെ ഉടമസ്ഥന് ഈ ഫാക്ടറി നടത്തണമെന്നുള്ളതല്ല, സർക്കാരിനെ എങ്ങനെ കബളിപ്പിക്കാമെന്നുള്ളതാണ് ലക്ഷ്യം. ദൗർഭാഗ്യവശാൽ അദ്ദേഹം തന്നെയാണ് ഇപ്പോൾ കണ്ടെറ അലിന്റ്-ന്റെ നടത്തിപ്പുകാരനായി വരുന്നത്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ആ ഫാക്ടറി തുറപ്പിക്കാൻ അദ്ദേഹത്തിന്റെ മേൽ എങ്ങനെയൊരു സമ്മർദ്ദം ചെലുത്താമെന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും നടപടിയെടുക്കണമെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞകാര്യം ശരിയാണ്. ഫാക്ടറി ഉടമസ്ഥൻ എടുക്കുന്ന നിലപാട് അത്ര അഭികാമ്യമല്ല. സർക്കാരിൽ നിന്ന് ആനുകൂല്യങ്ങളൊക്കെ വാങ്ങിയശേഷം എ.എഫ്.ആർ-ലും ബി.എഫ്.ആർ.-ലും കേസുകൊണ്ടുപോയി കാര്യങ്ങൾ നീട്ടിക്കൊണ്ടുപോവുന്നതായാണ് തോന്നുന്നത്. ഇതിനെതിരെ ശക്തമായി നീങ്ങേണ്ടി വരും. എക്സൽ ഗ്ളാസിന്റെ കാര്യത്തിലും അതാണ് ചെയ്തിരിക്കുന്നത്. കണ്ടെറയുടെ കാര്യത്തിൽ കേസിനു പോവുകയാണ്. അക്കാര്യങ്ങൾ ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം കണക്കിലെടുത്ത് നിലപാട് സ്വീകരിക്കും.

(9) എൻ.ടി.പി.സി.- ടെൽക്കിന്റെ തൃപ്തികരമല്ലാത്ത പ്രവർത്തനം

ശ്രീ. ജോസ് തെറ്റയിൽ: സർ, അങ്കമാലി NTPC-Telk-ന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇന്ത്യയിലെ നവരത്ന കമ്പനികളിലൊന്നായ NTPC-ഏറ്റെടുത്തത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. കഴിഞ്ഞ നാല് വർഷംകൊണ്ട് 147 കോടി രൂപ ലാഭമുണ്ടാക്കിയ സ്ഥാപനത്തിന്റെ ലാഭം കുറഞ്ഞിരിക്കുന്നുവെന്ന് മാത്രമല്ല നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പുതുതായി ഓർഡർ എടുക്കാനോ കിട്ടിയ ഓർഡർ സമയത്തിനുള്ളിൽ തീർത്തു കൊടുക്കാനോ ഉള്ള ശ്രമം മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

അതുമാത്രമല്ല മോഡണൈസേഷൻ ഉദ്ദേശിച്ചിട്ടും NTPC-യിൽ നിന്ന് അതിനുള്ള സഹായ സഹകരണങ്ങൾ ലഭ്യമാക്കാൻ ഇന്നത്തെ മാനേജ്മെന്റിന് കഴിയുന്നുമില്ല. ഓർഡർ കിട്ടുന്നതിനു വേണ്ടിയുള്ള ശ്രമമോ മാർക്കറ്റിംഗ് പ്രവർത്തനങ്ങളോ നടക്കുന്നില്ല. തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ട് ടാർഗറ്റ് നിശ്ചയിച്ചു കൊടുക്കാൻപോലും തയ്യാറാകുന്നില്ല. തൊഴിലാളികളെ വിശ്വാസത്തിലെടുത്താൽ കൂടുതൽ ടാർഗറ്റ് കൊടുക്കാം. ടാർഗറ്റ് കൊടുത്താൽ അത് ചെയ്തുതീർക്കുമെന്ന ലക്ഷണം കഴിഞ്ഞ വർഷത്തിലുണ്ടായി. മാനേജ്മെന്റ് നഷ്ടത്തിലാകുമെന്ന് പറഞ്ഞപ്പോഴും തൊഴിലാളികളുടെ സഹകരണത്താൽ ലാഭത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ഈ അവസ്ഥയിൽ കമ്പനിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മാനേജ്മെന്റിന്റെയും തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം വിളിച്ചുചേർത്ത് കേരളത്തിലെ പ്രസ്റ്റീജിയസ്സായ ഈ സ്ഥാപനത്തെ നിലനിർത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഇതുവരെ നല്ല പ്രവർത്തനം നടത്തിയിരുന്ന സ്ഥാപനമാണ്. എന്നാൽ ഇപ്പോൾ സുഖകരമായ ഒരന്തരീക്ഷമല്ല കാണുന്നത്. NTPC ജോയിന്റ് വെഞ്ചറായി എടുത്ത സാഹചര്യത്തിൽ അവരുടെ ഭാഗത്ത് നിന്ന് ഇതിനെക്കാൾ കൂടുതൽ ശ്രദ്ധ വരേണ്ടതാണ്. ടെക്നോളജിയും ഓർഡറും കൂടുതൽ നന്നായി ചെയ്യാവുന്നതേയുള്ളൂ. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തൊഴിലാളികളും മാനേജ്മെന്റുമായി ചേർന്ന യോഗം വിളിച്ചുചേർക്കാം. തീർച്ചയായും ഏത് നിർദ്ദേശവും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

(10) ഉദുമ സ്പിന്നിംഗ് മിൽ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണ് ഉദുമ സ്പിന്നിംഗ് മിൽ. 21 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച മിൽ 2011-ൽ തന്നെ നൂറ് ശതമാനം പ്രവർത്തന സജ്ജമായിരുന്നു. എന്നാൽ ഇതുവരെയായിട്ടും ഉൽപ്പാദനം തുടങ്ങാൻ സാധിക്കാത്തതുകൊണ്ട് കോടിക്കണക്കിന് രൂപയുടെ യന്ത്രങ്ങൾ തുരുമ്പെടുത്ത് നശിക്കുകയും അതുവഴി കോടിക്കണക്കിന് രൂപയുടെ നഷ്ടം സർക്കാരിനും ഡിപ്പാർട്ടുമെന്റിനുമുണ്ടാകുകയും ചെയ്യുന്നു. ഈ തടസ്സങ്ങൾ നീക്കി ഉൽപ്പാദനം തുടങ്ങുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ

LIBRARY ARCHIVES Kerala Legislative Assembly